**പതിനഞ്ചാം കേരള നിയമസഭ**

ബുള്ളറ്റിൻ ഭാഗം - II

2024 ആഗസ്റ്റ് 19

നമ്പർ : 545

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിലവിൽ വന്നിട്ടുള്ള ഒഴിവിലേയ്ക്കുള്ള അംഗത്തിന്റെ തിരഞ്ഞെടുപ്പ്**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് ഒരംഗത്തെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനും അവയുടെ സൂക്ഷ്മപരിശോധനയ്ക്കും നാമനിർദേശ പത്രിക പിൻവലിക്കുന്നതിനും തിരഞ്ഞെടുപ്പിനും ഉള്ള തീയതിയും സമയവും താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

| | |
|---|---|
| സെക്രട്ടറി മുമ്പാകെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 29.08.2024, വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണി വരെ |
| നാമനിർദേശ പത്രികയുടെ സൂക്ഷ്മ പരിശോധന | 30.08.2024, വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണി |
| നാമനിർദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 31.08.2024, ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണി വരെ |
| ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്ന തീയതിയും സമയവും | 04.09.2024, ബുധനാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്കുശേഷം 3.00 മണി വരെ |

വോട്ടെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ നിയമസഭാ മന്ദിരത്തിലെ പാർലമെന്ററി പഠന പരിശീലന ഹാളിൽ (റൂം നമ്പർ. 740) വച്ച് ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് മുഖേന വോട്ടെടുപ്പ് നടത്തുന്നതാണ്.

**ഡോ. എൻ. കൃഷ്ണ കുമാർ,**
**സെക്രട്ടറി.**